**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ പ്യൂൺ ശ്രീ.കൃഷ്ണകുമാറിന്റെ മകന്റെ ചികിൽസയ്ക്ക് നേരിട്ട ചെലവ് - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2309/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 11-09-2013**

---

പരാമർശം:- 1) ശ്രീ.കെ.ബി.കൃഷ്ണകുമാറിന്റെ 11/08/2011 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 02/06/2012, 10/06/2013 തീയതികളിലെ എഫ്2-34308/11 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ പ്യൂൺ ശ്രീ. കെ.ബി കൃഷ്ണകുമാറിന്റെ മകന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ideopathic thrombo cyptopenea purpura എന്ന അസുഖത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവ് രൂപ 1,55,276/-രൂപ (ഒരു ലക്ഷത്തി അൻപത്തി അഞ്ചായിരത്തി ഇരുന്നൂറ്റി എഴുപത്തി ആറ് മാത്രം) അനുവദനീയ മാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ രൂപ 1,24,227/ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) അപേക്ഷകന് അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ പ്യൂൺ ശ്രീ. കെ.ബി കൃഷ്ണകുമാറിന്റെ മകന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ideopathic thrombo cyptopenea purpura എന്ന അസുഖത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയുടെ 80% തുകയായ രൂപ 1,24,227/ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഏഴ് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കാവുന്ന താണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീ. കെ.ബി കൃഷ്ണകുമാറിന്റെ മകന് ചികിൽസയ്ക്ക് നേരിട്ട ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ രൂപ 1,24,227/ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഏഴ് മാത്രം) ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് എക്സ് പോസ്റ്റ് ഫാക്ടോ അനുമതി നൽകി മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
ശ്രീ. കെ. ബി. കൃഷ്ണകുമാർ, പ്യൂൺ, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് (ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര വകുപ്പ് (11/03/2013 ലെ 12624/WW3/2013/ഫിൻ പ്രകാരം)
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (05-01-2013-ലെ 34932/ജി.2/12/എച്ച്& എഫ്.ഡബ്ലിയു.ഡി. പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ